17/05/22



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No. 519(6)/2021** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.4957/*എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 11.05.2022

| | |
|---|---|
| ശ്രീ. ആലിക്കുഞ്ഞി ഡി,<br>S/o. ഇസ്മയിൽ,<br>ദൊംപത്തടക്ക ഹൗസ്,<br>ബെള്ളൂർ വില്ലേജ്,<br>കിന്നിംഗാർ, കാസർഗോഡ്. | അപ്പീൽ ഹർജിക്കാരൻ |

Vs.

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ജൂനിയർ സൂപ്രണ്ട് (ജി),<br>കളക്ട്രേറ്റ്, കാസർഗോഡ്.<br>2. അപ്പീൽ അധികാരി &<br>ഡെപ്യൂട്ടി കളക്ടർ (എൽ.ആർ),<br>കളക്ട്രേറ്റ്, കാസർഗോഡ്. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിന്ന തീയതി | 24/11/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 23/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 13/01/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 10/04/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 15/04/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/05/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 08/07/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 06/05/2022<br>ഗവ. ഗസ്റ്റ് ഹൗസ് കോൺഫ റൻസ് ഹാൾ, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ആലിക്കുഞ്ഞി ഡി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചെന്നും എന്നാൽ ടി എതിർകക്ഷിയും സമാനമായ മറുപടിയാണ് നൽകിയതെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 24.11.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കാസർഗോഡ് ജില്ലയിലെ ബെള്ളൂർ വില്ലേജിലെ ദൊംപത്തടുക്ക എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ശ്രീ. ഡേവിഡ് സ്റ്റീഫൻ എന്നയാൾ നടത്തിവരുന്ന ക്വാറിയെ സംബന്ധിച്ച് എതിർകക്ഷി ഓഫീസിൽ ലഭ്യമായ എല്ലാ രേഖകളും പരിശോധിക്കുന്നതിനും ആവശ്യമായ പേജിന്റെ പകർപ്പ് എടുക്കുന്നതിനുമാണ്.

3. ഹർജിക്കാരന്റെ 24.11.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 30.11.2020 ൽ നൽകിയ മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ മറുപടി നൽകുവാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചിരിക്കുന്നു. ആയത് തൃപ്തികരമല്ലാത്തതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ 23.12.2020 ൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീൽ 13.01.2021 ൽ ഉത്തരവായിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 02.07.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലാത്തതിനാലാണ് മറുപടി നൽകുവാൻ നിർവ്വാഹമില്ലെന്ന് കാണിച്ച് 30.11.2020 ൽ കത്ത് നൽകിയ

തെന്നും എന്നാൽ ടിയാന്റെ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് ബെള്ളൂർ വില്ലേജിലെ റി.സ. 47/15, 48/3- ൽ ശ്രീ. ഡാവി സ്റ്റീഫൻ നടത്തിക്കൊണ്ടിരിക്കുന്ന കരിങ്കൽ ഖനനവുമായി ബന്ധപ്പെട്ട No. 654/2017-18/0507/M3/ 2016DMG, EC No. 5/17 എന്നീ രേഖകൾ പരിശോധിക്കുന്നതിനും ആവശ്യമായ പകർപ്പുകൾ എടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമാണെന്നും എങ്കിലും ശ്രമകരമായ തിരച്ചിൽ നടത്തിയതിൽ പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്ന ഫയൽ ടി ഓഫീസുമായി ബന്ധപ്പെട്ടതല്ലെന്ന് ബോധ്യപ്പെട്ടുവെന്നും ഹർജിക്കാരന് വിവരങ്ങൾ നൽകണം എന്ന സദുദ്ദേശത്തോടെ നടത്തിയ അന്വേഷണത്തിൽ ജിയോളജി വകുപ്പിൽ നേരിട്ട് അന്വേഷിച്ചതിൽ അപ്പീൽ അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന 654/2017-18/0507/M3/ 2016DMG നമ്പർ മൈനിംഗ് ആന്റ് ജിയോളജി വകുപ്പുമായി ബന്ധപ്പെട്ടതാണെന്നും EC No. 5/17 എന്നത് എൻവെയൺമെന്റൽ ക്ലിയറൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നമ്പറാണെന്ന് മനസ്സിലായിയെന്നും EC നമ്പർ വ്യക്തതയില്ലാതെയും അപൂർണ്ണവുമായാണ് നൽകിയിരുന്നതെന്നും കാസർഗോഡ് ജില്ലയിൽ EC അനുവദിച്ചിരുന്നത് കാഞ്ഞങ്ങാട് സബ് കളക്ടറുടെ കാര്യാലയത്തിൽ നിന്നാണെന്നും നിലവിൽ 2018 ജൂലൈ മാസം വരെ EC വിതരണം ചെയ്തിട്ടുള്ളതാണെന്നും ക്വാറികൾക്ക് അനുമതി നൽകുന്നത് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാകുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനെ സമീപിക്കേണ്ടതാണെന്ന് ടിയാന് നൽകിയ അപ്പീൽ അപേക്ഷ മറുപടിയിൽ അറിയിച്ചിട്ടുള്ളതുമാണെന്നാണ്.

RIGHT TO INFORMATION

കൂടാതെ ടിയാൻ നൽകിയ വിവരാവകാശ അപേക്ഷയിലും അപ്പീൽ അപേക്ഷയിലും ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ വ്യത്യസ്തമാണെന്നും വിവരാവകാശ അപേക്ഷയിൽ ശ്രീ. ഡേവിഡ് സ്റ്റീഫൻ എന്നും അപ്പീൽ അപേക്ഷയിൽ ശ്രീ. ഡാവി സ്റ്റീഫനെന്നും വ്യത്യസ്തമായ പേരുകളിലുള്ളവരുടെ വിവരമാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായതായി കാണുന്നില്ല. 06.05.2022 ൽ കമ്മീഷൻ കണ്ണൂർ ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ച് നടത്തിയ നേരിട്ടുള്ള ഹിയറിംഗിൽ ഹർജികക്ഷി ഫോൺ മുഖേനയും ഒന്നാം എതിർകക്ഷി നേരിട്ടും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. കളക്ട്രേറ്റിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളൊന്നും ലഭ്യമല്ലെന്നും കാഞ്ഞങ്ങാട് സബ് കളക്ടർ ഓഫീസിലാണ് ടിയാൻ ആവശ്യപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഉള്ളതെന്നും ആയതിന് പ്രസ്തുത ഓഫീസിലാണ് അപേക്ഷിക്കേണ്ടതെന്നുമാണ് ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷി മൊഴി നൽകിയത്. പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം ബന്ധപ്പെട്ട ഓഫീസിലേക്ക് കൈമാറി ആ വിവരം ഹർജിക്കാരനെ അറിയിക്കേണ്ടതായിരുന്നു. പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറായ ജൂനിയർ സൂപ്രണ്ട് ശ്രീ. അഭിജിത്തിന്റെ ഭാഗത്ത് നിന്നും ഇക്കാര്യത്തിൽ വീഴ്ച ഉണ്ടായതായി കമ്മീഷൻ കാണുന്നു. പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത് ഗുരുതരമായ വീഴ്ചയാണ്. ടി എതിർകക്ഷിയുടെ നടപടി വിവരാവകാശനിയമം 7(1) വകുപ്പിന്റെ ലംഘനവും

കുറ്റകരവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്. നിലവിലെ എസ്.പി.ഐ.ഒ ഹർജിക്കാരന്റെ അപേക്ഷ കാഞ്ഞങ്ങാട് സബ് കളക്ടർ ഓഫീസിലേയ്ക്ക് വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം അയച്ചു നൽകേണ്ടതും ആ വിവരം ഹർജിക്കാരനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2022 മെയ് മാസം 11-ാം തീയതി താൽക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm